പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1752 5/12/2014- ൽ മറുപടിക്ക്

<u>സംസ്ഥാനത്ത് പക്ഷിപ്പനി തടയാൻ നടപടി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ.സുരേഷ് കുറുപ്പ് | കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പക്ഷിപ്പനി ആശങ്ക തുടരുമ്പോൾ സർക്കാർ കാര്യക്ഷമമായി ഇടപെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഏതൊക്കെ ജില്ലകളിൽ ഏതെല്ലാം തരം പക്ഷിമൃഗാദികളിലാണ് ഇത് വ്യാപകമായിരിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; | ബി) ഇതുവരെ ആലപ്പുഴ, കോട്ടയം, ജില്ലകളിലെ താറാവുകളിലാണ് രോഗം സ്ഥിരീകരിച്ച റിപ്പോർട്ടുകളുള്ളത്. താറാവുകളിലാണ് വ്യാപകമായി ഇപ്പോൾ രോഗം കാണുന്നത്. |
| സി) ഇതിനെതിരെ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ Animal Husbandry, Dairying & Fisheries Department പുറപ്പെടുവിച്ചിട്ടുള്ള Revised guidelines അനുസരിച്ചാണ് പ്രതിരോധ / മുൻകരുതലുകൾ പ്രാവർത്തികമാക്കുന്നത്. ഇതിൽ പ്രധാനമായും പക്ഷിപ്പനി സ്ഥിരീകരിച്ച സ്ഥലത്തിന് 10 കി.മി. ചുറ്റളവ് കണക്കാക്കി, അകത്തെ ഒരു കി.മി ചുറ്റളവിലുള്ളവയെ നശിപ്പിച്ചും തുടർന്നുള്ള 9 കി.മി ചുറ്റളവിലുള്ള പക്ഷികളെ നിരീക്ഷിച്ചും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയാണ് പ്രധാനം. |

സെക്ഷൻ ഓഫീസർ